7799
6/8/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-31.5.2002 മുതൽ 26.11.2002 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന ശ്രീമതി.കെ.സുശീലയ്ക്ക് കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ മാറ്റി നിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.67/14/സാ.നീ.വ തിരുവനന്തപുരം, തീയതി 1.8.2014

പരാമർശം- 1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 4.4.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-11957/14 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നും 31.12.2003 നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. ശ്രീമതി.സുശീല.കെ 18.9.2001 മുതൽ 16.3.2002 വരെ തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസിൽ ക്ലർക്ക് /ടൈപ്പിസ്റ്റ് ആയും 31.5.2002 മുതൽ 26.11.2002 വരെ കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്ലർക്ക് /ടൈപ്പിസ്റ്റ് ആയും താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്നു. സ്ഥിര/പുനഃനിയമനത്തിന് അർഹരായവരുടെ പട്ടിക തയ്യാറാക്കിയപ്പോൾ ടിയാൾ ആദ്യം സേവനം അനുഷ്ഠിച്ചിരുന്ന കാലയളവും ഓഫീസും പരിഗണിച്ച് പരാമർശം 2 ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിയമനം നൽകുകയുണ്ടായി.

3. പരാമർശം 3 ലെ സാമൂഹ്യനീതി ഡയറക്ടറുടെ കത്ത് പ്രകാരം ശ്രീമതി.സുശീല.കെ യുടെ വൈകല്യം മൂലമുള്ള പ്രയാസങ്ങൾ, ടിയാളുടെ യാത്രാദൂരം, പ്രതികൂല ജീവിതാവസ്ഥ എന്നിവ പരിഗണിച്ച് കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്ലർക്ക്/ടൈപ്പിസ്റ്റ് ആയി നിയമനം നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീമതി.സുശീല.കെ രണ്ടാമതായി സേവനമനുഷ്ഠിച്ച കാലയളവ് നിലവിൽ പുനഃനിയമനത്തിന് പരിഗണിക്കുന്ന കാലയളവിൽ ഉൾപ്പെട്ടതിനാലും ടിയാളുടെ യാത്രാദൂരം, വൈകല്യം മൂലമുള്ള പ്രയാസങ്ങൾ, പ്രതികൂല ജീവിതാവസ്ഥ എന്നീ കാരണങ്ങളാലും തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും ടിയാൾ രണ്ടാമതായി സേവനമനുഷ്ഠിച്ച കൊല്ലം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ക്ലർക്ക്/ടൈപ്പിസ്റ്റ് ആയി മാറ്റി നിയമനം നൽകുന്നതിന് ഉത്തരവാകുന്നു.

5. ശ്രീമതി.സുശീല.കെയുടെ സേവന പുസ്തകം, വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ്/ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവി /നിയമനാധികാരി സ്വയം ബോധ്യപ്പെട്ടതിനുശേഷം ടിയാൾക്ക് സ്ഥിര നിയമനം നല്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എൻ.ബി.കോമളവല്ലി അമ്മ**
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ജില്ലാ പ്ലാനിംഗ് ഓഫീസ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ